(സി) തൃശൂർ മെഡിക്കൽ കോളേജുകളിലെ അനസ്തേഷ്യാ വിഭാഗത്തിൽ കൂടുതൽ ഡോക്ടർമാരെ നിയമിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. അതിനാൽ ശസ്ത്രക്രിയകൾ നടത്താൻ കഴിയാത്ത സാഹചര്യം ഇപ്പോഴില്ല.

(ഡി) നിയന്ത്രണം ഏർപ്പെടുത്തുന്ന കാര്യം ആലോചനയിലുണ്ട്.

ആരോഗ്യ വകുപ്പിന്റെ പ്രവർത്തനം പരിഷ്ക്കരിക്കുന്നതിന് നടപടി

20 (*317) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. പി. ജെ. ജോയി :
ശ്രീ. ഡി. സുഗതൻ :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യ വകുപ്പിനുവേണ്ടി ചെലവുചെയ്യുന്നതിന് തുല്യമോ അതിൽ കൂടുതലോ പ്രയോജനം കിട്ടുന്നുണ്ടെന്ന് കരുതുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ, അവ എപ്രകാരമെന്ന് വിശദീകരിക്കുമോ ;

(സി) ജനങ്ങൾക്ക് കൂടുതൽ പ്രയോജനം ലഭിക്കത്തക്കവണ്ണം പ്രസ്തുത വകുപ്പിന്റെ പ്രവർത്തനം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ പ്രസ്തുത പ്രവർത്തനം എപ്രകാരമാണ് പരിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഉണ്ട്.

(ബി) സേവന മേഖലയിൽ ചെലവിടുന്ന പണത്തിന്റെ പ്രയോജനം എപ്രകാരമാണ് ലഭിക്കുന്നതെന്ന് അളക്കുന്നതിന് പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് ഉത്തമമല്ല. ആത്യന്തികമായി സേവനമേഖലയിൽ ചെലവിടുന്ന പണംകൊണ്ട് ജനന നിരക്ക് മരണനിരക്ക് (ശിശുമരണ നിരക്കുൾപ്പെടെ) നവജാതശിശു മരണ നിരക്ക്, മാതൃമരണ നിരക്ക് എന്നിവയുടെ കുറവ് ആധുനിക രീതിയിലുള്ള ചികിത്സാ രീതി, ആധുനിക രീതിയിലുള്ള രോഗ നിർണ്ണയം എന്നിവയിൽ വൻപിച്ച നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞതിന്റെ ഉദാഹരണങ്ങളാണ്. അതിനാൽ ആരോഗ്യ രംഗത്ത് ചെലവിടുന്ന ഓരോ രൂപയ്ക്കുമുള്ള പ്രയോജനം ജനങ്ങൾക്ക് കിട്ടുന്നു എന്ന് ഇതിൽനിന്നും മനസ്സിലാക്കാം.

(സി) ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷാ പദ്ധതി, ടെലിമെഡിസിൻ സംവിധാനം, റോഡപകടത്തിൽപ്പെടുന്നവർക്ക് ട്രോമാ കെയർ സെന്ററുകൾ, ഹൃദ്രോഗ നിർണ്ണയത്തിനും ചികിത്സയ്ക്കും മാത്രമായി "ഹാർട്ട് ഫൗണ്ടേഷൻ" എന്ന സ്ഥാപനം പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽ സോഷ്യൽ ആഡിറ്റിംഗ് സമ്പ്രദായം ആധുനിക രീതിയിലുള്ള മരുന്ന്, ഉപകരണങ്ങൾ, മാനസികാരോഗ്യ സംരക്ഷണം മെച്ചപ്പെടുത്തൽ, പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുൾപ്പെടെയുള്ള ആശുപത്രികളിൽ ചികിത്സാരീതിയും മറ്റു സൗകര്യങ്ങളും മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി എന്നിവയിലൂടെ പ്രവർത്തനം പരിഷ്ക്കരിക്കുവാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly